# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5494
### 02.11.2016 ലെ മറുപടിയ്ക്ക്

**ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ചിറയം ഗോപകുമാർ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. സി.കെ. ആശ | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | ധനകാര്യ ഇടപാടുകൾ ക്രമീകൃതവും, ആസൂത്രിതവുമാക്കുന്നതിനുള്ള ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം എന്ന സംവിധാന ത്തിന്റെ വിശദാംശങ്ങൾ നൽകാമോ; | ദേശീയ ഇ-ഗവേണൻസ് പ്രോജക്റ്റിനു കീഴിലുള്ള ഒരു മിഷൻ മോഡ് പ്രോജക്ടായി സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (Integrated Financial Management System - IFMS) കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. ധനകാര്യ വകുപ്പ്, മറ്റ് വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ്, വിവിധ ബാങ്കുകൾ, ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺ ലൈനായി നടത്തുന്ന പദ്ധതിയാണ് IFMS. |
| (ബി) | എല്ലാ സാമ്പത്തിക ഇടപാടുകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന തരത്തിലുള്ള പ്രസ്തുത സംവിധാനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; | സർക്കാർ ജീവനക്കാരുടെ ശമ്പളം, ശമ്പളേതര ബില്ലുകൾ, ഓഫീസ് ചെലവുകളുമായി ബന്ധപ്പെട്ട കണ്ടിജന്റ് ബില്ലുകൾ എന്നിവ ഓൺലൈനായി സമർപ്പിച്ച് പ്രോസസ് ചെയ്യുന്ന സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ചെക്ക് ഡ്രായിംഗ് വകുപ്പുകളെ ഓൺലൈൻ ബിൽ സംവിധാനത്തിൽ കൊണ്ടുവരികയും EMLI സംവിധാനത്തെ ഇതുമായി സംയോജിപ്പിച്ച് കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടെ ബില്ലുകൾ ഓൺ ലൈനായി സമർപ്പിക്കുന്ന രീതിയും നിലവിൽ വന്നുകഴിഞ്ഞു. ബജറ്റ് വിഹിതം ചീഫ് കൺട്രോളിംഗ് ഓഫീസർ വഴി താഴെ തട്ടിലുള്ള DDO ക്ക് ഓൺലൈനായി നല്കുന്ന BAMS (Budget Allocation Management System) ഉം പ്രവർത്തനക്ഷമമായിട്ടുണ്ട്.<br><br>ബാങ്കുകൾ വഴിയുള്ള ശമ്പള വിതരണത്തിലും വെണ്ടർമാർക്ക് പണം വിതരണം ചെയ്യുന്നതിലും ഭാരതീയ റിസർവ് ബാങ്കിന്റെ ഇ-കുബേർ (e-kuber) പോർട്ടൽ വഴി |

| | | |
|---|---|---|
| | | ളുക ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി വരവ് വയ്ക്കുന്ന രീതിയും നടപ്പിലാക്കി കഴിഞ്ഞു. ട്രഷറികളെ പൂർണ്ണമായും ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് സംവിധാനം പൂർത്തിയായിക്കഴിഞ്ഞു.<br><br>ട്രഷറി അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിക്കുന്ന കോർ ബാങ്കിംഗ് സംവിധാനവും നടപ്പിലാക്കിവരുന്നു. ട്രഷറി അക്കൗണ്ടുള്ളവർക്ക് സംസ്ഥാനത്തെ ഏതു ട്രഷറി വഴിയും ഇടപാടുകൾ നടത്തുവാൻ ഇതുവഴി സാധിക്കുന്നു. 26.10.2016 വരെ 219 ട്രഷറികൾ കോർബാങ്കിങ് സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു.<br><br>സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനായി ഇ-ട്രഷറി സംവിധാനവും നടപ്പിലാക്കിക്കഴിഞ്ഞു. ഇതു വഴി ഉപഭോക്താൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേക്ക് പണമടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 14 ബാങ്കുകളും 30 വകുപ്പുകളും ഇ-ട്രഷറി സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. ഇ-ട്രഷറി സംവിധാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുള്ള എല്ലാ ബാങ്കുകളുടെയും എല്ലാ ശാഖകൾ വഴിയും അതുപോലെ എല്ലാ ട്രഷറി കൗണ്ടറുകൾ വഴിയും പണം സ്വീകരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (സി) | ഐ.എഫ്.എം.എസ് മൂലമുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | സങ്കീർണതയില്ലാത്ത സേവനം ഉറപ്പാക്കുക, സർക്കാരിന്റെ എല്ലാ ധനകാര്യ ഇടപാടുകളും സുതാര്യമാക്കുക, വേഗത്തിൽ/യഥാസമയം സേവനം ഉറപ്പാക്കുക, പണരഹിത, കടലാസുരഹിത ഇടപാടുകൾ (Cashless and Paperless transactions) നടത്തുക, കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റ് സാധ്യമാക്കുക, ഇടപാടുകൾ നടക്കുന്ന സമയത്ത് തന്നെ ഡേറ്റകൾ വിവിധ ഏജൻസികളെ അറിയിക്കുക, ഒരിടത്തു നടക്കുന്ന ധനകാര്യ ഇടപാടുകൾ വിവിധ സ്ഥലങ്ങളിൽ വീണ്ടും രേഖപ്പെടുത്തുന്നത് ഒഴിവാക്കുക (avoiding multiple data entry) തുടങ്ങിയ നേട്ടങ്ങൾ ഐ.എഫ്.എം.എസ് സംവിധാനത്തിലൂടെ കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ